ഭാഗ്യച്ചിട്ടികൾ.

* 757. [6] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്കിപ്രൈസ് ചിട്ടികളും, ഭാഗ്യച്ചിട്ടികളും മുതലുവയ്ക്കുന്നതു സംബന്ധിച്ച് ഇന്ന് വല്ല നിയന്ത്രണവും നിലവിലുണ്ടോ ;

(ബി) ഇതിന്റെമേൽ ഒരു നിയന്ത്രണം ഏർപ്പെടുത്തുകയോ, പരിപൂർണ്ണമായും നിരോധിക്കുകയോ ചെയ്യുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇവ പീനൽകോഡ് 294 ഏ വകുപ്പ് അനുസരിച്ച് കുറ്റകരമാകുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പെരിയാർ നദീജലം.

* 758. [7] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ പെരിയാർ നദീജലത്തിൽനിന്ന് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിന് മദ്രാസ് ഗവണ്മെന്റിനു ഈ ഗവണ്മെന്റ് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധമായി ഈ ഗവണ്മെന്റും മദ്രാസ് ഗവണ്മെന്റും തമ്മിൽ നടന്ന ചർച്ചകളുടെ സ്വഭാവമെന്താണ് ;

(സി) അവസാനമായി അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ; തൽഫലമായി ഈ ഗവണ്മെന്റിനു എന്തു പ്രതിഫലം ലഭിക്കും ;

(ഡി) ഈ എഗ്രിമെന്റുകളുടെ ഓരോ കോപ്പി മേശപ്പുറത്തു വയ്ക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. എ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) മിനിസ്റ്റീരിയൽ ലവലിലാണ് ചർച്ചകൾ നടന്നതു്. പ്രധാനമായും Royalty-യെ സംബന്ധിച്ചാണ് ചർച്ച ചെയ്തതു്.

(സി) ഇലക്ട്രിസിറ്റി ഉൽപ്പാദനം മദ്രാസ് ഗവണ്മെന്റ് തന്നെ നേരിട്ടു നടത്തണമെന്നും ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിയുടെ തോതനുസരിച്ച് ഈ ഗവണ്മെന്റിനു റോയൽറ്റി നൽകണമെന്നുമാണ് അംഗീകരിച്ചിട്ടുള്ള പ്രധാന വ്യവസ്ഥകൾ. തൽഫലമായി ഈ ഗവണ്മെന്റിനു് ആദ്യത്തെ 350 മില്യൻ യൂണിറ്റുവരെയുള്ള ഉൽപ്പാദനത്തിനു് Kilowatt year-നു് (8760 units) 12 രൂപ നിരക്കിലും അതിനു മീതെയുള്ള ഉൽപ്പാദനത്തിനു് Kilowatt year-നു് 18 രൂപ നിരക്കിലും പ്രതിഫലം ലഭിക്കുന്നതാണ്.

(ഡി) എഗ്രിമെന്റുകളുടെ അസ്സൽ തയ്യാറാകാൻ ഇനിയും അല്പം കാലതാമസം നേരിടും. നക്കൽ എഗ്രിമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly